# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20.11.2015

## സെൽഫ് ഡ്രോയിംഗ് ഓഫീസർ പദവി നിലനിർത്തണം

**-കെ.എസ്.ടി.എ**

ഗസറ്റഡ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സെൽഫ് ഡ്രോയിംഗ് ഓഫീസർ പദവി എടുത്തകളയാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് കെഎസ്ടിഎ സംസ്ഥന കമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ ഹയർസെക്കന്ററി മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് അധ്യാപകരെ ബാധിക്കുന്നതാണ് ഈ പ്രശ്നം. നിലവിൽ ഗസറ്റഡ് അധ്യാപകർക്ക് അവരുടെ ശമ്പളം ട്രഷറിയിൽ നിന്നും നേരിട്ട് കൈപ്പറ്റാമായിരുന്നു. ഇതിന്റെ ചുമതലകൂടി സ്കൂൾ തലവൻ എന്ന നിലയിൽ പ്രിൻസിപ്പാൾമാരുടെ ചുമലിലാക്കുന്നത് അവർക്ക് ഇപ്പോൾ തന്നെയുള്ള ജോലിഭാരം ഇരട്ടിയാക്കാനേ ഉപകരിക്കൂ. ഒരു അധ്യാപകൻ പഠിപ്പിക്കുന്ന അത്രയും തന്നെ പിര്യേഡുകൽ പഠിപ്പിക്കുന്ന പ്രിൻസിപ്പാൾമാർ അതിന് പുറമെയാണ് സ്കൂൾതലവൻ എന്ന നിലയിലുള്ള ഭരണപരമായ ജോലികളും നിർവഹിക്കുന്നത്. ശമ്പളവിതരണംകൂടി വരുമ്പോൾ അവരുടെ ജോലിഭാരം ഇനിയും വർധിക്കും.

ആവശ്യമായ സംവിധാനം ഏർപ്പെടുത്താതെ ഏകപക്ഷീയമായെടുത്ത സർക്കാർ തീരുമാനം അംഗീകരിക്കാനാവില്ല. സംസ്ഥാനത്തെ ട്രഷറി സംവിധാനം തന്നെ ഘട്ടം ഘട്ടമായി ഇല്ലാതാക്കാനുള്ള നീക്കവും ഇതിന് പിന്നിലുണ്ട്. ഗസ്റ്റഡ് അധ്യാപകരുടെ സെൽഫ് ഡ്രോയിംഗം സംവിധാനം നിർത്തലാക്കാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് കെഎസ്ടിഎ ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി